**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1403 — 03.10.2016 ൽ മറുപടിക്ക്

## മടത്തറ പി.എച്ച്.സി

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചടയമംഗലം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനി മേഖലയിൽ പ്രവർത്തിക്കുന്ന മടത്തറ പി.എച്ച്.സി. യിൽ ആദിവാസികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | മടത്തറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെയും കൂടാതെ ദേശീയ ആരോഗ്യമിഷൻ മുഖേനയുള്ള ഒരു ഡോക്ടറുടേയും സേവനം ലഭ്യമാണ്. ലബോറട്ടറി സംവിധാനവും ഫാർമസിയും ടി ആശുപത്രിയിൽ ലഭ്യമാണ്. സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതിയുടെ ഫണ്ടുപയോഗിച്ച് ചികിത്സ സൗജന്യം ആവശ്യപ്പെട്ടുവരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നു. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളാക്കി അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സജ്ജമാക്കുന്നതോടൊപ്പം സാംക്രമിക രോഗങ്ങളും ജീവിതശൈലി രോഗങ്ങളും കണ്ടെത്തി പരിഹരിക്കുന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. |
| (ബി) | ഇവിടെ കിടത്തി ചികിത്സാ സംവിധാനം സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രം എന്ന നിലയിൽ പ്രസ്തുത സ്ഥാപനത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ